പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1522 21.03.2012- ലെ മറുപടിക്ക്

## പ്രവാസികളുടെ ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസികളുടെ ക്ഷേമത്തിനായി 2006-2011 കാലയളവിൽ എന്തെല്ലാം ക്ഷേമപദ്ധതികൾ ആണ് നടപ്പിലാക്കിയത് ; അതിനായി എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾക്കാണ് തുക ചെലവഴിച്ചത് ; ഓരോന്നിന്റേയും വിശദാംശം നൽകുമോ ; | (എ) പ്രവാസികളുടെ ക്ഷേമത്തിനായി 2006 – 2011 കാലയളവിൽ നടപ്പിലാക്കിയ ക്ഷേമ പദ്ധതികളുടെ വിവരവും ചെലവാക്കിയ തുകയും താഴെ ചേർക്കുന്നു. |

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| സാന്ത്വന | 1,21,00,000 |
| നോർക്ക വെൽഫെയർ ഫണ്ട് | 3,00,00,000 |
| എമർജൻസി റിപ്പാട്രിയേഷൻ | 17,29,056 |
| കാരുണ്യം പദ്ധതി | 25,00,000 |
| ആകെ | **4,63,29,056** |

| | |
|---|---|
| (ബി) വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ച് മാതൃരാജ്യത്തിലേക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ കണക്ക് പ്രസിദ്ധീകരിക്കുമോ ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് പ്രസിദ്ധീകരിക്കുമോ ; | (ബി) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം നടത്തിയ 2008- ലെ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ റിപ്പോർട്ട് പ്രകാരം 2008- ാം ആണ്ടിൽ കേരളത്തിലേക്ക് തിരിച്ചുവന്ന പ്രവാസികളുടെ എണ്ണം 11,57,127 ആണ്. ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു |

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 215280 |
| കൊല്ലം | 124066 |
| പത്തനംതിട്ട | 60554 |
| ആലപ്പുഴ | 51024 |
| കോട്ടയം | 26448 |
| ഇടുക്കി | 3213 |
| എറണാകുളം | 68860 |
| തൃശ്ശൂർ | 174655 |
| പാലക്കാട് | 85318 |
| മലപ്പുറം | 219736 |
| കോഴിക്കോട് | 72405 |
| വയനാട് | 1930 |
| കണ്ണൂർ | 26416 |
| കാസർഗോഡ് | 27222 |
| ആകെ | **1157127** |

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര പ്രവാസികൾ പ്രവാസി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല രേഖകൾ ക്രോഡീകരിക്കുന്നതും സൂക്ഷിക്കുന്നതും എന്നതിനാൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിന്നുള്ള അംഗങ്ങളുടെ മാത്രമായുള്ള കണക്ക് ലഭ്യമല്ല. ഒറ്റപ്പാലം താലൂക്കിൽ 1547 പ്രവാസികൾ ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എല്ലാ പ്രവാസികളെയും രജിസ്റ്റർ ചെയ്യിക്കുന്നതിനായി സമഗ്ര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രവാസി സമൂഹത്തിലെ ഏകദേശം എല്ലാപേരുടേയും വിവിധ ആവശ്യങ്ങൾക്ക് ഉതകുന്ന രീതിയിൽ സമഗ്രമായാണ് പ്രവാസി കേരളീയ ക്ഷേമ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിയമപ്രകാരം അംഗങ്ങളാകാൻ കഴിയാത്തവർക്ക്

വേണ്ടിയുള്ള ആശ്വാസപദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) നിലവിൽ പ്രവാസികൾക്ക് പെൻഷൻ നല്കുന്ന സംവിധാനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര പ്രവാസികൾക്ക് പെൻഷൻ നല്കുന്നുണ്ട് ; എത്ര രൂപവീതമാണ് പെൻഷൻ നൽകുന്നത് ?

(ഇ) കുറഞ്ഞത് അഞ്ച് വർഷത്തെ അംശാദായം എങ്കിലും അടച്ച് കാലാവധി ആയാൽ മാത്രമേ പെൻഷന് യോഗ്യത നേടൂ എന്നതിനാൽ ബോർഡിൽ നിന്ന് പെൻഷൻ അനുവദിക്കാൻ കാലാവധി ആയിട്ടില്ല.

സെക്ഷൻ ഓഫീസർ